# ആമുഖം

ഒന്നാം ക്ലാസ്സിൽ നിന്നുതന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടിയുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ജീവിതത്തിൽ ഓരോ വ്യക്തിയും ഒഴിച്ചുകൂടാത്ത അത്യന്താപേക്ഷിതമാണ് ഗണിതപ്രവർത്തനങ്ങൾ; ഗണിതം ഇല്ലാത്ത ജീവിതത്തിൽ ഒന്നുമില്ല എന്നു തന്നെ പറയാം. ഗണിതം കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

# ലക്ഷ്യങ്ങൾ

* 1 മുതൽ 100 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
* 10 വരെയുള്ള എണ്ണത്തെ പകുതി, തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* ആരോഹണ അവരോഹണ ക്രമത്തിലാക്കൽ.
* രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം [3+5 =8]
* രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം [5-2 =7]
* ഒരക്ക സംഖ്യാ വ്യാഖ്യാനം

  5 → 4+1, 3+2, 2+4, 2+2+1
* ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ.
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന [1-20] ലഘുവായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക.

# പ്രവർത്തന പദ്ധതി

## ലക്ഷ്യം


- രണ്ടക്ക സംഖ്യയും ഒറ്റക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ.
- രണ്ട് ഒറ്റക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം എന്നിവയിൽ എത്തിച്ചേരുന്നതിന്.

## ജൂൺ

- സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.
- സംഖ്യാകാർഡ് നിർമ്മിക്കൽ.

## ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
* സംഖ്യകൾക്ക് അനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യാകാർഡ്




തയ്യാറാക്കുന്നു.

# ആമുഖം

രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലും ആണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാകുവാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ള പദ്ധതികളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്

# ആമുഖം

രണ്ടാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലും ആണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാവാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ള പദ്ധതികളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്

# ആമുഖം

രണ്ടാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലും നാം ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടികൾക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാവാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നതാണ്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ള പദ്ധതികളാണ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്

ലക്ഷ്യം - 1 :- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വന്തമായി എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.

ജൂൺ

- കളികളിലൂടെ ചിത്രവായന
- നിറങ്ങൾ നൽകാൻ അവസരം ഒരുക്കൽ
- വായനാസാമഗ്രികൾ തയ്യാറാക്കൽ
-
-

ജൂലൈ

- അക്ഷരപ്പാട്ടുകൾ നൽകുക.
- ക്ലാസ് ലൈബ്രറി നവീകരണം- കുട്ടികളെ വായനയ്ക്ക് സജ്ജരാക്കുക.

ആഗസ്റ്റ്

- ചിത്രവായനാകാർഡുകൾ തയ്യാറാക്കുക
- അക്ഷരപ്പാട്ടു നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ, വാക്കുകൾ ഉറപ്പിക്കുക.
-

സെപ്റ്റംബർ

- ചിഹ്നങ്ങൾ ഉറപ്പിക്കുക.
- വായനാകാർഡുകൾ തയ്യാറാക്കുന്നു വായിക്കുന്നു.

Growing sentences, Picture reading
Self introductions.
Make simple description about the picture.

August and September :- Develop the creative speaking and writing.

Reading Skills :- Books reading
Find words
Collect and read past tense.
Rhyming words
TB activities.

Writing Skills :- Make word web
Picture description
Word chain
Make words and sentences
Make riddles, conversations
Add more lines.

October & November :- To express thoughts, feeling etc.

Reading Skills :- Library book reading
Conversations, skit, stories
Use ICT, Read notice,
develop story.

Writing Skills :- Description
Thoughts

December & January :- Develop the creative
Speaking and writing.

Reading Skills :- Library books reading
Conversations, Skit,
Stories, use ICT,
develop story,
Reads dairy.

Writing Skills :- Dairy, announcement.

February & March :- To improve the
Presentation power.

Reading Skills :- Library books reading,
Conversation, skit, stories
develop story.

Writing Skills :- Dairy, Descriptions.
Thoughts, Exibition.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഗണിതം.

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണിചേർത്തുകൊണ്ടാണ് ഗണിതപഠനം മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താത്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിന്റെ ഭാഗമായി

നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ നന്നായി ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിത പഠനം ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഃഗണിതത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാനുള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ

പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ
അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ചു
പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും
ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട
ഗണന വസ്തുതകൾ സംബന്ധിച്ച ധാരണ
കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക
പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗണന
ചിന്തയോടൊപ്പം ഗണന ചിന്ത വളർത്തുന്ന
പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂൺ - ജൂലായ്. :- യൂണിറ്റ് 1 രൂപങ്ങൾ വരയ്ക്കാം.
ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ
തിരിച്ചറിഞ്ഞ് വേർപ്പെടുത്താൻ തോരണം
നിർമ്മാണം, തൊണി നിർമ്മാണം, വെജിറ്റബിൾ
പ്രിന്റിംഗ്, ചതുരം, വട്ടം, ത്രികോണം എന്നീ
രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ
കുട്ടികൾ നിർമ്മിക്കുന്നു.

ആഗസ്റ്റ് :- ഓരോ കുട്ടിക്കും കണക്കുപെട്ടി,
ഗണിത ശില്പശാലയിൽ
നിർമ്മിക്കേണ്ടത് 1 മുതൽ 100
വരെ എഴുതിയ ടോക്കൺ,
കളിനോട്ടുകൾ, ഓരോ
നോട്ടുകളും 10 എണ്ണം വീതം.
കമ്പ് കെട്ടുകൾ, സംഖ്യാ സ്ലിപ്പുകൾ,
അബാക്കസ് നിർമ്മാണം.

**സെപ്തംബർ** :- പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.

**ഒക്ടോബർ** :- സ്കെയിൽ നിർമ്മാണം, കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം എന്നിവ അളക്കുന്ന

**നവംബർ - ഡിസംബർ** :- ഗണിത വസ്തുത കാർഡ് നിർമ്മാണം.

## അക്കാദമിക് മാസ്റ്റർ പ്ലാൻ - മലയാളം.

**ലക്ഷ്യങ്ങൾ** :-

സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

* കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും.
* ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല്, മുതലായവ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും (കഥ, കവിത, ഡയറി, ചിത്രം)
* കഥകളെയും കവിതകളെയും മറ്റും നാടകം, ഭാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും. (വിവരണം, സംഭാഷണം.)

…ത്തനങ്ങൾ.

ജൂൺ - ജൂലൈ : 1 കനകച്ചിലങ്ക.

* നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉൾപ്പെടെ)
* പഴഞ്ചൊല്ലുകൾ ശേഖരണം.
* കഥാശേഖരം- ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
* നാടൻപാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
* കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)
* കടങ്കഥകൾ ശേഖരണം- കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥാപയറ്റ്.
* കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം. അഭിമുഖ സംഭാഷണം.
* കലാരൂപങ്ങൾ വേഷവിധാനം- ചിത്ര ശേഖരണം - ആൽബം.
* പാവനാടകത്തെ അടുത്തറിയാം- ശില്പശാല.

ആഗസ്റ്റ് - സെപ്റ്റംബർ : 2. പലഹാരപ്പൊതി.

* കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവെയ്ക്കൽ
* ക്ലാസ് ലൈബ്രറിയിൽ കുട്ടിമാസികകൾ ഒരുക്കിവയ്ക്കൽ.
* നാടക ശില്പശാല.
* റോൾപ്ലേ അവതരണങ്ങൾ.
* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
* പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ.
* കണ്ണുകൾ മാതൃകകൾ.

* ഹരിതകർമ്മ സേന അംഗങ്ങളുമായി അഭിമുഖം.
* ന്യൂസ് പത്രം.
* ചെറു ചിത്ര പരിപാടികൾ തയ്യാറാക്കൽ.

ഒക്ടോബർ : 3 മനുഷ്യന്റെ കൈകൾ.

* കൃഷിയിടം സന്ദർശനം.
* കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ അവതരണം.
* കുട്ടിക്കളികൾ, കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്.
* നാടൻ പാട്ട് ശില്പശാല.

മേഖല : അക്കാദമികം

ഉപമേഖല : പരിസര പഠനം

ക്ലാസ് : III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക. | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ | ജൂൺ ജൂലൈ ആഗസ്ത് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ വൈവിധ്യ പാർക്ക് പരിസ്ഥിതി സംരക്ഷണ പ്രവർത്തനം. | ജൂലൈ ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അറിയാം പരീക്ഷണം | | | |